**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1693**

**04-12-2015 ൽ മറുപടിയ്ക്ക്**

**കർഷകർക്ക് ബയോഗ്യാസ് പ്ലാന്റുകൾ**

**ചോദ്യം**
ശ്രീ.എ.എ.അസീസ്

**മറുപടി**
**ശ്രീ. കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | കർഷകർക്ക് സബ്സിഡിയോടുകൂടി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് നൽകാനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) | ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ബയോഗ്യാസ് വികസന പദ്ധതി (NBMMP) പ്രകാരം സബ്സിഡി നിരക്കിൽ ദീനബന്ധു മോഡൽ ബയോഗ്യാസ് പ്ലാന്റുകൾ കൃഷി വകുപ്പ് സ്ഥാപിച്ചു നല്കുന്നുണ്ട്. 1 $m^3$ മുതൽ 6 $m^3$ വരെയുള്ള പ്ലാന്റുകൾക്കാണ് സബ്സിഡി നല്കുന്നത്. പൊതുവിഭാഗത്തിന് 1 $m^3$ പ്ലാന്റിന് 5,500 രൂപയും 2 $m^3$ -6 $m^3$ പ്ലാന്റിന് 9000 രൂപയും പട്ടികജാതി പട്ടിക വർഗ്ഗവിഭാഗത്തിന് 1 $m^3$ പ്ലാന്റിന് 7000 രൂപയും 2 $m^3$ - 6 $m^3$ പ്ലാന്റിന് 11,000 രൂപയും സബ്സിഡി നല്കുന്നു. കൃഷിഭവൻ മുഖേന അപേക്ഷകൾ സ്വീകരിച്ച് പരിശീലനം സിദ്ധിച്ച Turnkey ഏജന്റുകൾ മുഖാന്തിരം പ്ലാന്റുകൾ സ്ഥാപിച്ചു നല്കി വരുന്നു. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ